Weekend Bulletin
Knanaya Catholic Mission, Chicago
November 27, 2005, Vol. 1, Issue 9

# Jubilee Mass of Fr. Mutholath on Next Sunday at 5:00 P.M. in the OLV Church

## സ്വകാര്യ മാമ്മോദീസ സമൂഹ മാമ്മോദീസക്കു വഴികാറണം.

(പേജ് 4 കാണുക)



Scenes from the memorial service for all souls held at OLV Church on November 13, 2005.

## CONTACT INFORMATION

**MISSION DIRECTOR**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254
(773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**BULLETIN EDITOR**
Mathachen Chemmachel
(708) 557-1907

**TRUSTEES**
**Chicago**: Saji Poothrukayil
(847) 293-9409
Sunny Thekkeparambil
(847) 673-6586
**Addison**: James Manjankal
(630) 758-1716
Baby Karikkal, (630) 379-8622

**SECRETARY & PRO**
George Thottappuram
(847) 975-9239

**FINANCE**
**Chicago**: John Elakkatt
**Addison**: Kurian Nellamattam,

**RELIGIOUS EDUCATION**
**Chicago**: Johny Thekkeparambil
(847) 533-8520
Secretary: Anna Kulangara
(847) 298-0786
**Addison**: Tonny Pullappally
(630) 205-5078
Secretary: Veena Jose Kaniyaly
(630) 539-7187

**CHILDREN MINISTRY**
**Chicago**: Bino Machanikkal
Saly Kizhakkekuttu
**Addison**: Tesa Thannikari
Ashley Varakalayil

**TEENS MINISTRY**
**Chicago**: Tito Kandarappally
Lissy Thottapuram
**Addison**: Sabu Mutholam
Justin Kalappurackal

**YOUTH MINISTRY**
**Chicago**: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

**ADULT TRAINING**
**Addison**: Jose Thazhathuvettathu


## SATURDAYS

St. Joseph Church
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.
English Mass in Syro-Malabar Rite
First Saturdays @ 5:00 P.M.

## SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.
English Mass in Syro-Malabar Rite
First Sundays @ 5:30 P.M.

## NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

## NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

**November 2005**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

# Schedule of Events

SATURDAY, NOVEMBER 26, 2005
No Religious Education Class at Addison today (Thanksgiving)
Mass and Novena at Addison at 5:00 P.M.

SUNDAY, NOVEMBER 27, 2005
No Religious Education Class at OLV today (Thanksgiving)
Holy Mass at OLV Church Upper level at 5:30 P.M.

THURSDAY, DECEMBER 01, 2005
Mass, Novena, and Benediction at Community Center at 7:00 P.M.

FRIDAY, DECEMBER 02, 2005
On-going Pastoral Theology Class on Ecclesiology by Rev. Fr. Roy Kaduppil at OLV School Music Room at 6:30 P.M.

SATURDAY, DECEMBER 03, 2005
Confession for Religious Education Students at Addison from 2:45 P.M.
Youth Seminar at Addison from 2:45 P.M.
Religious Education Class at Addison from 3:45 P.M. to 4:45 P.M.
Mass and Novena at Addison at 5:00 P.M.

SUNDAY, DECEMBER 04, 2005
Youth Seminar at OLV Chicago from 2:30 P.M. to 4:30 P.M.
Religious Education Class at OLV from 3:30 P.M. to 4:30 P.M.
Jubilee Mass of Fr. Mutholath at OLV Church Upper level at 5:00 P.M.
Chief Guest: His Excellency Bishop Mar Jacob Angadiath
Meeting at OLV Gym after the Mass to facilitate Fr. Abraham Mutholath.


THURSDAY, DECEMBER 08, 2005
Mass, Novena, Rosary, and Benediction at Community Center at 7:00 P.M.

SATURDAY, DECEMBER 09, 2005
Religious Education Class at Addison from 3:45 P.M. to 4:45 P.M.
Mass and Novena at Addison at 5:00 P.M.

SUNDAY, DECEMBER 10, 2005
Confession for Religious Education Students from 3:30 P.M.
Religious Education Class at OLV from 4:00 P.M. to 5:00 P.M.
Holy Mass at OLV Church Upper level at 5:30 P.M.

# MISSION DIRECTOR'S COLUMN

## മാമ്മോദീസാ ഇടവകയുടെ ആഘോഷമാകണം



ഇപ്പോൾ നാമെല്ലാം കുടുംബക്കാരെയും സുഹൃത്തുക്കളെയും മാത്രം ക്ഷണിച്ച് സൗകര്യപ്രദമായ പള്ളിയിലോ ചാപ്പലിലോവച്ച് സ്വകാര്യ ആഘോഷമായി മാത്രമാണ് മാമ്മോദീസാ നടത്തിവരുന്നത്. ഈ രീതിയെ സഭ നിരുത്സാഹപ്പെടുത്തുകയാണ്. കാരണം മാമ്മോദീസാ സഭയുടെ ഇടവകതല ആഘോഷമാകണം. മാമ്മോദീസാ വഴിയാണല്ലോ ഒരാൾ ഇടവകയിലും അതുവഴി സഭയിലും അംഗത്വമെടുക്കുന്നത്. അതിനാൽ ആ ചടങ്ങ് സ്വന്തം ഇടവക ദൈവാലയത്തിൽ ഇടവകക്കാരോടൊന്നിച്ചാകുന്നതാണ് ഉത്തമം.

ഇടവക പള്ളിയിൽ സൗകര്യപ്രദമായൊരു ഞയറാഴ്ച ദിവ്യബലിയോടനുബന്ധിച്ച് ജ്ഞാനസ്നാനാർഥിയെ ഇടവകാംഗങ്ങൾ ഒന്നുചേർന്ന് തങ്ങളുടെ വിശ്വാസ സമൂഹത്തിലേക്കു സ്വാഗതം ചെയ്യുകയും അയാൾക്കുവേണ്ടി പ്രാർത്ഥിക്കുകയും തിരുക്കർമ്മങ്ങൾക്കു സാക്ഷ്യം വഹിക്കുകയും വേണം. മാസത്തിലെ ഒരു ഞയറാഴ്ച അതിനായി നിശ്ചയിച്ച് ആ മാസത്തിൽ മാമ്മോദീസാ സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരുമിച്ചു കൂദാശകൾ നൽകുവാനാണ് സഭ നിർദ്ദേശിക്കുന്നത്.

ആദ്യകുർബ്ബാന സ്വീകരണം പല കുട്ടികൾക്കൊരുമിച്ച് നടത്തുന്നതുപോലെ മാമ്മോദീസായും പലരുടേതൊന്നിച്ചു ഞയറാഴ്ച നടത്തിയതിനു ശേഷം ഓരോ കുടുംബക്കാർക്കും സൗകര്യംപോലെ സ്വകാര്യമായി വിരുന്നുകൾ നടത്താം.


നമുക്കു സ്വന്തമായി ഇടവക ദൈവാലയം ഇല്ലെങ്കിലും നമ്മുടെ മിഷനിലേക്ക് ശനിയാഴ്ച ആഡിസണിലും ഞയറാഴ്ച ഷിക്കാഗോയിലും വൈകുന്നേരങ്ങളിലെ കുർബാനയോടനുബന്ധിച്ച് മാമ്മോദീസായ്ക്കു സൗകര്യമൊരുക്കുന്നതാണ്. മുൻകൂറായി ആരെങ്കിലും തങ്ങൾക്കു സൗകര്യപ്രദമായ ദിവസമറിയിച്ചാൽ ആ ദിവസത്തിനു മുൻഗണന നല്കുന്നതാണ്. മാസാദ്യ ശനിയും ഞായറും ഇംഗ്ളീഷിൽ യൂത്ത് മാസ് ഉള്ളതിനാൽ ആ ദിവസങ്ങൾ ഒഴിവാക്കുവാൻ ശ്രമിക്കണം. ക്രമേണ ഇന്നത്തെ സ്വകാര്യ മാമ്മോദീസാ സമ്പ്രദായം മാറ്റി സഭ അനുശാസിക്കുന്ന വിധം ഇടവക സമൂഹത്തോടു ചേർന്നു മാമ്മോദീസാ സ്വീകരിക്കുന്ന രീതി നാം നടപ്പിലാക്കണം. അതിനു താല്പര്യമുള്ളവരെ സ്വാഗതം ചെയ്യുന്നു.

നമുക്കു സ്വന്തമായൊരു ദൈവാലയമുണ്ടായി അതിൽ വച്ചു തന്നെ പ്രവേശക കൂദാശകൾ മുതൽ മരണാനന്തരം ദൈവാലയത്തോടു വിടവാങ്ങുന്നതുവരെ നടത്തുവാൻ ഇടയാകട്ടെയെന്നു പ്രാർത്ഥിക്കാം; അതിനായി പരിശ്രമിക്കാം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്.

## നുറുങ്ങുവെട്ടം

**മാമ്മോദീസ സ്വകാര്യ ചടങ്ങല്ല. മിശിഹായുടെ സഭയിൽ അംഗമാക്കുന്ന ഇടവകയുടെ ആഘോഷമാണ്.**



# ദൈവാലയ നിർമ്മാണത്തിന് ആഴ്ചതോറും പണമടയ്ക്കാം



*നമുക്കു സ്വന്തമായൊരു ദൈവാലയം എന്ന സ്വപ്ന സാക്ഷാൽക്കരത്തിന് എല്ലാ ശനിയാഴ്ചയും ഞയറാഴ്ചയും ആഡിസണിലും ചിക്കാഗോയിലും ദിവ്യബലിയോടനുബന്ധിച്ച് തവണകളായി സാധാരണ സ്തോത്രക്കാഴ്ചയോടൊപ്പം സംഭാവന സ്വീകരിക്കുന്നതാണ്. ഈ പ്രത്യേക സംഭാവന ചെക്കായോ കവറിലോ "ദൈവാലയ നിർമ്മാണ ഫണ്ടിലേക്ക്" എന്ന് എഴുതി നല്കണം. ആ തുക നിങ്ങളുടെ പേരിൽ വരവുവച്ച് പിന്നീടു നിശ്ചയിക്കുന്ന വീതപിരിവിൽ കുറവു ചെയ്യുന്നതാണ്.*

*ഈശോയ്ക്കും നമുക്കും വേണ്ടിയുള്ള ഈ പൊതു ഭവനം നമുക്കൊന്നുചേർന്നു നിർമ്മിക്കാം. നമ്മുടെ ഐക്യത്തിൻെറയും അഭിമാനത്തിൻെറയും സർവ്വോപരി ആത്മീയ വികസനത്തിൻെറയും പ്രതീകമായി അതുമാറട്ടെ.*

*എന്ന് മിഷൻ ഡയറക്ടർ*

*ഫാ. ഏബ്രഹാം മുത്തോലത്ത്*

## 15–)ം ചരമ വാർഷികം

12-01-2005



## അച്ചാമ്മ ചാക്കോ

**മുത്തോലത്ത്, ചേർപ്പുങ്കൽ**

By Fr. Abraham Mutholath
For M.C. Chacko Mutholath & Family

# പുതിയ മാമ്മോദീസാക്രമത്തിൻെറ സവിശേഷതകൾ

***(2005 ജനുവരി 6 മുതൽ പ്രാബല്യത്തിൽ വന്ന സീറോ മലബാർ സഭയുടെ പരിഷ്ക്കരിച്ച മാമ്മോദീസാ ക്രമത്തിൻെറ സവിശേഷതകളാണ് ഈ ലേഖനത്തിലെ പ്രതിപാദ്യം).***

*റവ. ഡോ. ആൻറണി നരികുളം*

നിലവിലിരിക്കുന്ന ക്രമങ്ങളിൽ നിന്നു വ്യത്യസ്ഥമായ ചില ഘടകങ്ങൾ പുതിയ ക്രമങ്ങളിൽ ഉണ്ടെങ്കിലും അടിസ്ഥാനപരമായ വ്യത്യാസങ്ങൾ ഇല്ലെന്നു വേണം പറയാൻ. ചില കര്യങ്ങൾ മാത്രം താഴെ സൂചിപ്പിക്കുന്നു.

മാമ്മോദീസായും സ്ഥൈര്യലേപനവും ഒരുമിച്ചു നൽകുക എന്നതാണ് പൗരസ്ത്യ പാരമ്പര്യം. സീറോ മലബാർ സഭ ഒഴിച്ചുള്ള എല്ലാ പൗരസ്ത്യസഭകളും ഈ പാരമ്പര്യമാണ് അനുവർത്തിക്കുന്നത്. പോർച്ചുഗീസ് ലത്തീൻ മിഷണറിമാരുടെ കാലത്താണ് മാമ്മോദീസായും സ്ഥൈര്യലേപനവും വേർതിരിച്ചു നൽകുന്ന പതിവ് സീറോമലബാർ സഭയിൽ ആരംഭിച്ചത്. ഇവ രണ്ടും ഒരുമിച്ചു നൽകണമെന്ന് പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാനൻ നിയമം അനുശാസിക്കുന്നുണ്ട്.

*സഭാപരമ്പര്യത്തിൽ മാമ്മോദീസാ, സ്ഥൈര്യലേപനം, വിശുദ്ധ കുർബ്ബാന, എന്നിവയെ 'പ്രവേശിക കൂദാശകൾ' എന്നാണ് വിളിക്കുന്നത്. കരണം ഇവ മൂന്നുമാണ് വ്യക്തിയെ സഭയിൽ പൂർണ്ണ അംഗമാക്കുന്നത്. അതുകൊണ്ട് മാമ്മോദീസാക്കും സ്ഥൈര്യലേപനത്തിനും ശേഷം എത്രയും വേഗം വിശുദ്ധ കുർബാനയും നൽകണമെന്ന് പുതിയ ക്രമം നിർദേശിക്കുന്നു.*

## തിരുവസ്ത്രങ്ങൾ

പലയിടങ്ങളിലും ഊറാറ ധരിച്ചുകൊണ്ടാണ് വൈദികർ മാമ്മോദീസാ നൽകിപ്പോരുന്നത്. അതിനു പകരം കുർബാനക്കുള്ള തിരുവസ്ത്രങ്ങൾ കൊത്തീന, സുനാറ, ഊറാറ, സന്ദേ, കാപ്പ ധരിച്ചുകൊണ്ട് ഈ കൂദാശ പരികർമ്മം ചെയ്യണമെന്ന് നിർദേശിച്ചിരിക്കുന്നു. ജ്ഞാനസ്നാനാർത്ഥിയെ സംബന്ധിച്ചിടത്തോളം പ്രഥമവും പരമപ്രധാനവുമായ കൂദാശയാണ് മാമ്മോദീസ. സഭയെ സംബന്ധിച്ചിടത്തോളം ഏറ്റവും ആഘോഷപൂർവ്വകമായി നടത്തേണ്ട ശുശ്രൂഷയും. അതുകൊണ്ട് ആഘോഷത്തിൻെറയും പ്രാധാന്യത്തിൻെറയും അടയാളമായി തിരുവസ്ത്രങ്ങളെല്ലാം ധരിക്കുക ഉചിതമാണ്. പ്രത്യേകിച്ച് ശിശുക്കളുടെ മാമ്മോദീസ സഭാസമൂഹത്തിൻെറ സാന്നിദ്ധ്യത്തിൽ പൊതു ശുശ്രൂഷയായി നത്തുന്നതാണ് അഭികാമ്യമെന്ന നിർദ്ദേശത്തിൻെറ വെളിച്ചത്തിൽ.

## സമൂഹ മാമ്മോദീസ



**ആരാധനക്രമം സഭയുടെ പൊതുവായ ആഘോഷങ്ങളാണ്. അവ സ്വകാര്യ ചടങ്ങുകളാക്കരുതെന്നാണ് സഭയുടെ ആഗ്രഹം. അതുകൊണ്ട് ഇടവകകളിൽ മാസത്തിലെ ഏതെങ്കിലും ഒരു ദിവസം പലർക്ക് ഒരുമിച്ച് മാമ്മോദീസാ നൽകുന്ന രീതി പ്രോത്സാഹിപ്പിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. മാമ്മോദീസയുടെ സഭാത്മക വശത്തിനും സാമൂഹിക സ്വഭാവത്തിനും ഊന്നൽ നൽകാൻ ഈ രീതി സഹായകമാണ്.**

## സ്ഥൈര്യലേപനത്തിൻെറ പേര്

സ്ഥൈര്യലേപനത്തിന് തൈലാഭിഷേകം എന്നാണ് പൗരസ്ത്യ കാനോൻ നിയമം നൽകുന്ന പേര്. ആ പേരാണ് പുതിയ ടെക്സ്റ്റിലും നൽകിയിരിക്കുന്നത്. എങ്കിലും ആശയക്കുഴപ്പം ഉണ്ടാകാതിരിക്കാൻ സിനഡിൻെറ നിർദ്ദേശപ്രകാരം സൈ്ഥര്യലേപനം എന്ന് ബ്രാക്കറ്റിൽ നൽകിയിട്ടുണ്ട്.

## മുതിർന്നിവരുടെ മാമ്മോദീസാ

പുതിയ ടെക്സ്റ്റിൽ മുതിർന്നിവരുടെ മാമ്മോദീസാ ക്രമം ചേർത്തിട്ടുണ്ട്. സിറോമലബാർ സഭയുടെ പാരമ്പര്യത്തിൽ ആദ്യമായിട്ടാണു മുതിർന്നവർക്കു വേണ്ടിയുള്ള ക്രമം ഉപയോഗത്തിൽ വരുന്നത്. ഇതുവരെ ശിശുക്കളുടെ മാമ്മോദീസാ ക്രമം തന്നെയാണു മുതിർന്നവർക്കു മാമ്മോദീസ നൽകുമ്പോഴും ഉപയോഗിച്ചിരുന്നത്. റോം നൽകിയ ക്രമത്തിൽ ഇത് ഉണ്ടായിരുന്നില്ല. നമ്മുടെ ആനുകാലികാവശ്യങ്ങൾ, പ്രത്യേകിച്ച് മിഷൻ രുപതകളിലെ ആവശ്യങ്ങൾ പരിഗണിച്ചാണ് ഇപ്രകാരം ഒരു ക്രമം തയ്യാറാക്കാൻ മെത്രാന്മാർ തീരുമാനിച്ചത്.

സാർവ്വത്രികസഭയുടെ പൊതുപാരമ്പര്യത്തിലെ ഘടകങ്ങളും ഇന്നത്തെ സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ടാണ് ഈ ടെക്സ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. മുതിർന്നവർ മാമ്മോദീസാ സ്വീകരിക്കുമ്പോൾ മാമ്മേദീസാ, സ്ഥൈര്യലേപനം, വിശുദ്ധ കുർബാന എന്നീ മൂന്നു കൂദാശകളും ഒരുമിച്ചാണ് നല്കുന്നത്. നാലു ഘട്ടങ്ങളിലായി ഈ കൂദാശകൾ സ്വീകരിക്കത്തക്കവിധമാണ് ഇതിൻെറ ഘടന. സാധാരണയായി ഒരോ ഘട്ടവും തമ്മിൽ കാല ദൈർഘ്യം ഉണ്ടായിരിക്കണം. തക്കതായ കരണമുണ്ടെങ്കിൽ നാലു ഘട്ടങ്ങളിലായി നടത്തുന്നതിനു പകരം ഒരുമിച്ച് ഒരു ശുശ്രൂഷയായും നടത്താവുന്നതാണ്.

## ഓന്നാമത്തെ ലേപനം



സീറോ മലബാർ സഭാംഗങ്ങൾക്ക് പരിചിതമല്ലാത്തതും എന്നാൽ പൗരസ്ത്യ സഭകളുടെ പാരമ്പര്യത്തിൽ ഉള്ളതുമായ ഒന്നാണ് മാമ്മോദീസാ നൽകുന്നതിനു മുമ്പായി നടത്തിയിരുന്ന ലേപനം. മുമ്പു നടത്തിയിട്ടുള്ള മാമ്മോദീസായിൽ ബാക്കി വന്ന തൈലമാണ് ഇതിനു ഉപയോഗിക്കേണ്ടത്. ഓരോ പ്രാവശ്യം മാമ്മോദീസാ നല്കുമ്പോഴും വൈദികൻ തന്നെ തൈലം ആശീർവ്വദിക്കുന്നതുകൊണ്ട് അല്പം തൈലം ബാക്കി വയ്ക്കാൻ സാധിക്കുമല്ലോ. മാമ്മോദീസായ്ക്കു ഒരുക്കമായി നടത്തുന്ന ശുദ്ധീകരണ പ്രക്രിയയുടെ


ഭാഗമായിട്ടാണ് ഇതു കരുതപ്പെടുന്നത്. ശിശുമാമ്മോദീസായിലെ ഒന്നാമത്തെ ലേപനവും സൈഥര്യലേപനത്തിലെ ലേപനവും അർത്ഥിയുടെ നെറ്റിയിലും മാമ്മോദീസായിലേത് നെഞ്ചിലുമാണ് നടത്തേണ്ടത്. മുതിർന്നവരുടെ മാമ്മോദീസായിലാകട്ടെ മൂന്നു ലേപനവും അർത്ഥിയുടെ നെറ്റിയിൽ തന്നെയാണു നടത്തുന്നത്.

## തൈലം വെഞ്ചരിപ്പ്



ഓരോ പ്രാവശ്യവും മാമ്മോദീസാ നല്കുമ്പോൾ തൈലം വെഞ്ചരിക്കണമെന്നതാണ് നിർദ്ദേശം. മെത്രാൻ വെഞ്ചരിച്ച തൈലത്തിനുപകരം കാർമ്മികനായ വൈദികനുതന്നെ തൈലം വെഞ്ചരിക്കാവുന്നതാണ്. തൈലമായി സാധാരണ സസ്യ എണ്ണകൾ ഉപയോഗിക്കാം. മെത്രാൻ ആശീർവ്വദിച്ച വി. മൂറോൻ ചേർന്നാണ് തൈലം വെഞ്ചരിക്കേണ്ടത്. തക്കതായ കാരണമുണ്ടെങ്കിൽ മുൻ കൂട്ടി വെഞ്ചരിച്ച തൈലവും ഉപയോഗിക്കാവുന്നതാണ്. അപ്പോഴും തൈലത്തിന്റെ മേൽ ഒരു പ്രാർത്ഥന ചൊല്ലേണ്ടതുണ്ട്.

## വെള്ളം വെഞ്ചരിപ്പ്



പുതുജന്മം നല്കുന്ന മാമ്മോദീസായിൽ പുതുജലം ഉപയോഗിക്കണമെന്നത് അനുക്തസിദ്ധമാണല്ലോ. എങ്കിലും ചുരുക്കം ചിലയിടങ്ങളിൽ മുമ്പ് വെഞ്ചിരിച്ച ജലം ഉപയോഗിക്കാറുണ്ട്. അപ്രകാരം പാടില്ലെന്ന് പുതിയ ക്രമം നിർദ്ദേശിക്കുന്നു. ഓരോ പ്രാവശ്യവും മാമ്മോദീസാ നല്കുമ്പോൾ വെള്ളം വെഞ്ചരിക്കേണ്ടതാണ്. വി. മൂറോൻ ചേർത്താണ് വെള്ളം വെഞ്ചരിക്കുന്നത്. അടിയന്തര സന്ദർഭങ്ങളിൽ (വീട്ടു മാമ്മോദീസാ) മാത്രമാണ് ഇതിൽ നിന്ന് ഒഴിവുള്ളത്.

## സ്നാപനം



സഭാപാരമ്പര്യമനുസരിച്ച് ശിശുക്കളെ സ്നാനപ്പെടുത്തുന്നതിന് മൂന്നു രീതികളാണുള്ളത്. 1. സർവ്വാംഗം വെള്ളത്തിൽ മുക്കി ശിരശ്ശിൽ വെള്ളമൊഴിക്കൽ. 2. ശിശുവിനെ കഴുത്തറ്റം വെള്ളത്തിൽ മുക്കി ശിരസ്സിൽ വെള്ളമൊഴിക്കൽ. 3. ശിരസ്സിൽ മാത്രം വെള്ളമൊഴിക്കൽ. ഇവയിൽ മൂന്നാമത്തേതുമാത്രമാണല്ലോ ഇപ്പോൾ സ്വീകരിച്ചു പോരുന്നത്.

പുതിയ ക്രമത്തിൽ മുന്നു രീതികളും നൽകിയിട്ടുണ്ട്. വെള്ളത്തിൽ സർവ്വാഗം മുക്കി മാമ്മോദീസ നൽകുന്നതിന്റെ പ്രതീകാത്മകത വി. പൗലോസ് റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ കാണാവുന്നതാണ്. മാമ്മോദിസയിൽ നാം യേശുവിനോടൊപ്പം മരിച്ച് സംസ്ക്കരിക്കപ്പെട്ട് ഉയർത്തെഴുന്നേൽക്കുന്നു. രണ്ടാമത്തെ രീതിയിൽ നടത്താൻ അവലംബിച്ചിരുന്നതാണ് സീറോ മലബാർ ദേവാലയങ്ങളിൽ ഉണ്ടായിരുന്ന പുരാതന മാമ്മോദീസാത്തൊട്ടികൾ. മുതിർന്നവരുടെ ഞ്ജനസ്നാനത്തിന് ഉപയുക്തമയ മാമ്മോദീസാത്തൊട്ടികൾ കത്തീഡ്രൽ ദേവാലയങ്ങളിൽ നിർമ്മിക്കുന്നത് ഉചിതമായിരിക്കുമെന്ന് നിർദ്ദേശിക്കുന്നുണ്ട്.

സ്നാപനം നടത്തുമ്പോൾ കാർമ്മികൻ ചൊല്ലിയിരുന്ന ഫോർമുല "ഞാൻ നിന്നെ മാമ്മോദിസാ മുക്കുന്നു" എന്നാണല്ലോ. അതിനു പകരം "മാമ്മോദീസാ മുക്കപ്പെടുന്നു" എന്നാണ് പുതിയ ക്രമത്തിൽ. രണ്ടാമത്തെ ഫോർമുലയാണ് പൗരസ്ത്യസഭകൾ ഉപയോഗിക്കുന്നത്. ലത്തീൻ സ്ഭയുടെ സ്വാധീനത്തിലാണ് സീറോ മലബാർ സഭയിൽ ആദ്യത്തെ ഫോർമുല ഉപയോഗിക്കാൻ ഇടയായത്. മാമ്മേദീസാ നല്കുന്ന വ്യക്തി വൈദികനാണെങ്കിലും അതിന്റെ ഫലത്തിനു കാരണക്കാരൻ പരിശുദ്ധ ത്രീത്വം ആണെന്നു ധ്വനിയാണ് രണ്ടാമത്തെ ഫോർമുല നൽകുന്നത്.

## വെള്ളവസ്ത്രം

ശിശുവിനു നൽകപ്പെടുന്ന വെള്ളവസ്ത്രം കുടുംബാംഗങ്ങൾ കൊണ്ടുവരുക **അഭികാമ്യമാണെന്ന് പൊതുനിർദ്ദേശങ്ങളിൽ പറയുന്നു. വെള്ളവസ്ത്രം കൊണ്ടുദ്ദേശിക്കുന്നത് വെറും വെള്ളത്തുണിയല്ല. ശിശുവിനെ ധരിപ്പിക്കുന്നതിനുള്ള ഉടുപ്പാണ്. സാധാരണയായി രണ്ട് ഉടുപ്പുകൾ ധരിച്ചാണല്ലോ ശിശുവിനെ ദേവാലയത്തിൽ കൊണ്ടുവരുന്നത്. അവയിൽ മേലുടുപ്പ് ജ്ഞാനസ്നാനത്തെത്തുടർന്നു നൽകുന്ന വെള്ളവസ്ത്രമായി സ്വീകരിച്ച ശേഷം ശിശുവിനെ ധരിപ്പിക്കാവുന്നതാണ്.**



## കത്തിച്ച തിരി

ശിശുവിനു നൽകുന്നതിനുള്ള തിരി കുടുംബാംഗങ്ങൾ കൊണ്ടുവരുന്ന രീതി പ്രോത്സാഹിപ്പിക്കണമെന്നും അത് അലങ്കരിച്ചതായിരിക്കാൻ ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.



## മുടിയണിയിക്കൽ

പൗരസ്ത്യസുറിയാനിക്രമത്തിൽ മാമ്മോദീസായുടെ ഭാഗമായി സൈഥര്യലേപനം നൽകിക്കഴിഞ്ഞ് അർത്ഥിയെ കിരീടം ധരിപ്പിക്കുന്ന പതിവുണ്ട്. മാമ്മോദീസായിലൂടെ ദൈവപുത്രസ്ഥാനത്തേക്ക് ഉയർത്തപ്പെട്ട വ്യക്തി സ്വർഗ്ഗരാജ്യത്തിൽ നിത്യകിരീടത്തിന് അർഹത നേടുന്നുവെന്ന പ്രതീകാത്മ അർത്ഥമാണ് ഈ കർമ്മത്തിനുള്ളത്. കർമ്മക്രമത്തിൽ ഇതിനുള്ള പ്രാർത്ഥന നൽകിയിട്ടുണ്ടെങ്കിലും ഇത് ഐച്ഛീകമാണ്.

*(മറ്റു കൂദാശകളെപ്പറ്റി അടുത്ത ലക്കത്തിൽ)*

# ON-LINE THEOLOGY COURSE FOR CATECHISTS AND LAY MINISTERS

Dear Religious Education Teachers and Lay Ministers,

We are blessed to have your wonderful service for our community, especially for our coming generation. As we do the responsible ministry in the Church, we have to learn the topics we are dealing with. So please take at least one course of your interest as given below. I would encourage the Religious Education Teachers to courses like "Introduction to Catechesis" and Catechesis in a Digital Age" for our catechists. There are several other courses that might of interesting to you. We will recognize those who get more credits.

- Fr. Abraham Mutholath

The Institute for Pastoral Initiatives of the University of Dayton, in partnership with Catholic Dioceses, is offering a program called "Virtual Learning Community of Faith Formation" (VLCFF). The VLCFF is an e-learning initiative which supports adult faith, catechist, and lay ecclesial leadership formation in the Church.

COURSES AVAILABLE: Over 26 courses and seminars are available. These range from Scripture, Jesus, Prayer, Ecclesiology, Sacraments, Catholic Beliefs, Media Education, Catholic School Teaching, with others being designed on a regular basis. Courses are regularly updated. Consult http://vlc.udayton.edu for an up-to-date listing of courses.

COURSE FORMAT: Courses run for 3-6 weeks. Each course is capped at 15 participants. This is designed to be an experience within a small virtual community, not an independent study. Courses are password protected.

REQUIREMENTS: You need to feel relatively comfortable with using a computer and the internet.

FEES: The normal course fee is $80.00 per course. Since the Syro-Malabar Catholic Diocese of Chicago is a VLCFF partner, the cost is only $40.00.

COURSE TIMING: Courses are available 7 times a year. Check vlc.udayton.edu for up-to-date information.

HOW TO REGISTER: You may register on-line at http://vlc.udayton.edu.

## ADVERTISEMENTS ARE WELCOME





Your complimentary advertisements on special occasions like wedding, baptism, jubilee, and death anniversaries are welcome at a nominal contribution towards charitable works of our Agape Movement. Please contact George Thottapuram or Mathachan Chemmachel for details.

## Weekly Collections

| | |
|---|---|
| November 12 at Addison | 295.25 |
| November 13 at OLV | 261.00 |
| *November 13 at OLV for Building Fund* | *500.00* |
| ***Current Balance in Church Building Fund*** | ***24,613.38*** |
| ***THANK YOU FOR YOUR SUPPORT*** | |

## READERS / LECTORS    മംഗളവാർത്ത കാലം

| NOV. 26 & 27 | PASSAGE | ADDISION | OLV CHICAGO |
|---|---|---|---|
| 1st Reading | Isaiah 63:16b-17, 19b; 64:2-7 | Jelvin Joseph Kudasseril | Betsy Kanjirappara |
| 2nd Reading | 1 Corinthians 1:3-9 | Melvin Joseph Kudasseril | Jobin Aikkaraparambil |
| DEC. 3 & 4 | | | |
| 1st Reading | Isaiah 40:1-5, 9-11 | George Karikkal | Deepu Kandarappallil |
| 2nd Reading | 2 Peter 3:8-14 | Kevin Kunnasseril | Meena Poozhikunnel |



# മുത്തോലത്തച്ചന്റെ ജൂബിലി കുർബ്ബാന ഡിസംബർ നാലിന്

പ്രിയ സമുദായാംഗങ്ങളേ,

നമ്മുടെ മിഷൻ ഡയറക്ടർ റവ. ഫാ. എബ്രഹാം മുത്തോലത്ത് പൗരോഹിത്യം സ്വീകരിച്ചിട്ട് ഡിസംബർ 21ന് 25 വർഷം പൂർത്തിയാകുകയാണ്. ഊർജ്ജസ്വലതയോടെ നമ്മോടൊപ്പം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുത്തോലത്തച്ചനോടുചേർന്ന് ദൈവത്തിനു നന്ദി അർപ്പിക്കുവാനും നാമെല്ലാവരും ഒന്നുചേർന്ന് അച്ചന് ജൂബിലി മംഗളങ്ങൾ ആശംസിക്കുവാനും ഒരു അവസരം ഒരുക്കുകയാണ്.

ഡിസംബർ നാലാം തീയതി ഞായറാഴ്ച വൈകുന്നേരം 5:00 മണിക്ക് ചിക്കാഗോയിലെ ഓ.എൽ.വി. പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയാത്തുപിതാവിനോടും മറ്റു വൈദികരോടുംചേർന്ന് മുത്തോലത്തച്ചൻ കൃതജ്ഞതാബലി അർപ്പിക്കും. തുടർന്നു പള്ളിയുടെ ജിംനേഷ്യത്തിൽ വച്ച് അനുമോദന സമ്മേളനം നടക്കും. ഇവ രണ്ടിലും പങ്കെടുക്കുവാൻ ഈ മിഷനുമായി ബന്ധപ്പെട്ട എല്ലാവരെയും സ്നേഹപുർവ്വം ക്ഷണിക്കുന്നു.

ഒരു വൈദികന്റെ ജീവിതത്തിലെ സുപ്രധാന നിമിഷങ്ങളിലൊന്നായ പൗരോഹിത്യ ജൂബിലി ആഘോഷം അവിസ്മരണീയമാക്കുവാൻ സമുദായാംഗങ്ങൾ ഏവരുടെയും സാന്നിദ്ധ്യം അനിവാര്യമാണ്. അച്ചൻ സ്നേഹിക്കുന്ന, അച്ചനെ സ്നേഹിക്കുന്ന നമ്മുടെ സമൂഹത്തിലെ കുട്ടികളെ എല്ലാവരെയും അന്നേദിവസത്തെ കുർബാനയിലും അനുമോദന സമ്മേളനത്തിലും പങ്കെടുപ്പിക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരിക്കൽകൂടി ഏവരെയും ഡിസംബർ നാലാം തീയതി ചിക്കാഗോ ഓ.എൽ.വി. പള്ളിയിലേക്കു ക്ഷണിച്ചുകോണ്ടും വൈകുന്നേരം 5:00 മുൻപായി എത്തിച്ചേരണമെന്നോർപ്പിച്ചുകൊണ്ടും,


സ്നേഹപൂർവ്വം,

കൈക്കാരന്മാർ:

സജി പൂതൃക്കയിൽ
സണ്ണി തെക്കേപ്പറമ്പിൽ
ജയിംസ് മഞ്ഞാങ്കൽ
ബേബി കാരിക്കൽ

മിഷൻ സെക്രട്ടറി:

ജോർജ് തോട്ടപ്പുറം.



© J. S. Paluch Co., Inc.



Students and teachers of First Grade in the Religious Education School at Addison.

Please support our advertisers who make this bulletin available for us. Limited space is available for Classified Advertisements.




Jaibu Mathew, E.A.
ENROLLED TO PRACTICE BEFORE IRS

JAIBU MATHEW KULANGARA

7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com

* Free Electronic Filing * Refund in 24 Hours *


Professional with 11 years experience in catering.

YOU INVITE THE GUESTS, WE DO THE REST

Malabar
Catering &Carry-out

Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

CITYWIDE JMW REALTY INC.



4313 W. Irwing Park, Chicago, IL 60641

ALEX MULLAPPALLIL
REALTOR CONSULTANT

Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516

EQUALHOUSINGLENDER

Specializing in: Gas Stations, Investments, Commercial, & Residential.

Illinois Residential Mortgage Licensee

COLDWELL BANKER



MARTIN & MARBRY
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)

Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)

EQUALHOUSINGLENDER

LINCOLNWOOD
MORTGAGE SERVICES, INC.



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals

EQUAL OPPORTUNITY LENDER

